I/507398/2023

"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

നം : ടി.ബി.ഒ/185/2023 - എ1

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
(പാഠപുസ്തക വിഭാഗം) പത്മവിലാസം റോഡ്,
ഫോർട്ട് പി.ഒ, തിരുവനന്തപുരം-23.
തീയതി : 13-11-2023

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം – പാഠപുസ്തക വിഭാഗം 2024-25 അദ്ധ്യയന വർഷത്തെ 1 മുതൽ 10 വരെ ക്ലാസ്സുകളിലേയ്ക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ KITE (Kerala Infrastructure and Technology for Education (IT@School) വെബ് സൈറ്റിൽ ഓൺലൈനായി ഇൻഡന്റിംഗ് ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുന്നത് സംബന്ധിച്ച് - സംബന്ധിച്ച്

സൂചന :-
1. 24/8/2023 തീയതിയിലെ സ.ഉ(സാധാ) നം.4839/2023/പൊ.വി.വ
2. 18/10/2023 തിയതിയിലെ നം. പ്രോഗ്രാം.1/6464/2023 പ്രകാരരമുള്ള എസ്.സി.ആർ.ടി യുടെ കത്ത്.
3. 3/11/2023 തീയതിയിലെ സ.ഉ (സാധാ) നം. 6813/2023/പൊ.വി.വ
4. 16/8/2020 തീയതിയിലെ സ.ഉ (സാധാ) നം. 2429/2020/പൊ.വി.വ

*****

2024-25 അദ്ധ്യയന വർഷത്തെ 1 മുതൽ 10 വരെ ക്ലാസ്സുകളിലേയ്ക്ക് ആവശ്യമായ പാഠപുസ്തകങ്ങളുടെ ഇൻഡന്റ് മുൻ വർഷങ്ങളിലേത് പോലെ UID അടിസ്ഥാനമാക്കി രേഖപ്പെടുത്തുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ, പ്രധാനാദ്ധ്യാപകർ, മറ്റു ചുമതലപ്പെട്ടവർ എന്നിവർക്കാവശ്യമായ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. കേരളത്തിലെ സർക്കാർ/എയിഡഡ്/ടെക്നിക്കൽ/അംഗീകൃത അൺഎയിഡഡ്/ സി.ബി.എസ്.ഇ/ നവോദയ എന്നീ സ്കൂളുകൾക്കും ലക്ഷദ്വീപ്, മാഹി, ഗൾഫ് ആസ്ഥാനമായി സംസ്ഥാന പാഠ്യപദ്ധതി അവലംബിക്കുന്നതോ മലയാള ഭാഷാ വിഷയങ്ങൾ മാത്രമായി സ്വീകരിച്ചിട്ടുള്ളതോ ആയ എല്ലാ അംഗീകൃത സ്കൂളുകളും തങ്ങൾക്ക് ലഭ്യമായിട്ടുള്ള സമ്പൂർണ്ണ സ്കൂൾ കോഡ്, പാസ്സ് വേർഡ് എന്നിവ ഉപയോഗിച്ച് **KITE (Kerala Infrastructure and Technology for Education) തയ്യാറാക്കിയിട്ടുള്ള TBMS (Text Book Supply Monitoring System 2024-25) എന്ന സോഫ്റ്റ് വെയർ മുഖാന്തിരം 2023 നവംബർ 17 മുതൽ 27 വരെയുള്ള തീയതികളിൽ ഒറ്റത്തവണയായി** 2024-25 അദ്ധ്യയന വർഷത്തേയ്ക്ക് ആവശ്യമായ പാഠപുസ്തകങ്ങളുടെ എണ്ണം ഓൺലൈനായി ഇൻഡന്റ് രേഖപ്പെടുത്താവുന്നതാണ്.

**2024-25 അദ്ധ്യയന വർഷം 1, 3, 5, 7, 9 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ കരിക്കുലം മാറ്റമുള്ളതിനാലും മുൻവർഷത്തെ നീക്കിയിരിപ്പ് ഉണ്ടാകാൻ സാധ്യതയില്ലാത്തതിനാലും ആവശ്യമായ മുഴുവൻ പാഠപുസ്തകങ്ങളും ഇൻഡന്റായി നൽകേണ്ടതാണ്. കരിക്കുലം മാറ്റം വന്നിട്ടുള്ള 1, 3, 5, 7, 9 എന്നീ ക്ലാസ്സുകളിൽ മുൻവർഷത്തെ അപേക്ഷിച്ച് മൂന്ന് വാല്യങ്ങൾക്കു പകരം രണ്ട് വാല്യം പാഠപുസ്തകങ്ങൾ മാത്രമാണ് ഉണ്ടായിരിക്കുന്നത്. പ്രസ്തുത ക്ലാസ്സുകളിൽ ആക്ടിവിറ്റി പാഠപുസ്തകങ്ങൾ**

ഉൾപ്പടെ ഒന്ന്, രണ്ട് വാല്യങ്ങളിലായി ആകെ 266 ടൈറ്റിലുകളാണുള്ളത്. മാറ്റം വന്നിട്ടുള്ള പാഠപുസ്തക ടൈറ്റിലുകളുടെ ക്ലാസ്സ് തിരിച്ച് പട്ടികപ്പെടുത്തിയ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. വിലവിവരപ്പട്ടിക പിന്നാലെ നൽകുന്നതാണ്.

2024-25 അദ്ധ്യയന വർഷവും കരിക്കുലം മാറ്റമില്ലാതെ തുടരുന്ന 2, 4, 6, 8, 10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ ഇൻഡന്റ് രേഖപ്പെടുത്തുമ്പോൾ മുൻ വർഷത്തെ നീക്കിയിരിപ്പുള്ള എണ്ണത്തിൽ കുറവ് വരുത്തിയ ശേഷം ആവശ്യമായ പാഠപുസ്തകങ്ങൾക്ക് മാത്രമാണ് ഇൻഡന്റ് രേഖപ്പെടുത്തുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

രണ്ടാം ക്ലാസ്സിലെ മലയാളം ടൈറ്റിലുകളായ കേരള പാഠാവലി, ഗണിതം, കളിപ്പെട്ടി എന്നീ പാഠപുസ്തകങ്ങളിൽ ലിപി മാറ്റമുള്ളതിനാൽ പുതുക്കിയ പാഠപുസ്തകങ്ങളാണ് ഇത്തവണ വിതരണം നടത്തുന്നത്.

സൂചന (4) ലെ സർക്കാർ ഉത്തരവ് പ്രകാരം 2020-21 അദ്ധ്യയന വർഷം മൂന്നാം വാല്യത്തിലെ 46 ടൈറ്റിലുകൾ രണ്ടാം വാല്യം പാഠപുസ്തകങ്ങളുമായി സംയോജിപ്പിച്ച് അച്ചടിച്ച് വിതരണം ചെയ്തിരുന്നു. തുടർന്നുള്ള 2021-22, 2022-23, 2023-24 എന്നീ അദ്ധ്യയന വർഷങ്ങളിലും ഇപ്രകാരം സംയോജിപ്പിച്ച രീതിയിൽ തന്നെ പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം നടത്തിയിട്ടുണ്ട്. ഇപ്രകാരം 2023-24 അദ്ധ്യയന വർഷം വരെ സംയോജിപ്പിച്ച് അച്ചടിച്ച് വിതരണം നടത്തിയിട്ടുള്ളതിൽ കരിക്കുലം മാറ്റം വരാത്ത 2, 8 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ രണ്ടാം വാല്യം വിതരണ ശേഷമുള്ള നീക്കിയിരിപ്പ് പാഠപുസ്തകങ്ങൾ 2024-25 അദ്ധ്യയന വർഷം ഉപയോഗിക്കാവുന്നതിനാൽ പ്രസ്തുത പാഠപുസ്തകങ്ങളുടേയും ഇൻഡന്റ് രേഖപ്പെടുത്തുമ്പോൾ നീക്കിയിരിപ്പ് കൂടി കുറവ് വരുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മേൽ സാഹചര്യങ്ങൾ കണക്കിലെടുത്ത് 2024-25 അദ്ധ്യയന വർഷത്തെ പാഠപുസ്തകങ്ങൾക്കുള്ള ഇൻഡന്റ് താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങളോടു കൂടി സ്വീകരിക്കുന്നു.

2024-25 അദ്ധ്യയന വർഷത്തെ 1 മുതൽ 10 വരെ ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങളുടെ ഇൻഡന്റ് സ്കൂളുകളിൽ നിന്നും KITE (Kerala Infrastructure and Technology for Education) -ൽ ഓൺലൈനായി 2023 നവംബർ 17 മുതൽ 27 വരെ മൂന്ന് വാല്യം പാഠപുസ്തകങ്ങളുടെയും ഇൻഡന്റ് ഒറ്റത്തവണയായി ചെയ്യേണ്ടതാണ്. നടപ്പ് അദ്ധ്യയന വർഷമായ 2023-24 വർഷത്തെ വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ നൽകുന്ന ഇൻഡന്റിനേക്കാൾ കൂടുതൽ പാഠപുസ്തകങ്ങൾ പുതിയ അഡ്മിഷൻ പ്രകാരം ആവശ്യമെങ്കിൽ അതനുസരിച്ച് ഇൻഡന്റ് ചെയ്യുന്നതിനുള്ള അവസരം **2024 ജൂൺ** മാസത്തിൽ TBMS ( Text Book Monitoring System 2024-25) സോഫ്റ്റ് വെയറിൽ ഓൺലൈനായി ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കുന്നതാണ്.

## 2024-25 അദ്ധ്യയന വർഷത്തേയ്ക്ക് ആവശ്യമായ പാഠപുസ്തകങ്ങൾക്ക് സ്കൂളിൽ നിന്നും ഇൻഡന്റിംഗ് നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

### സർക്കാർ/എയ്ഡഡ്/ടെക്നിക്കൽ സ്കൂളുകൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

മുൻ വർഷത്തെ പോലെ തന്നെ 2024-25 അദ്ധ്യയന വർഷത്തേയ്ക്കും ഓരോ സ്കൂളുകൾക്കും ആവശ്യമായ പാഠപുസ്തകങ്ങൾക്കുള്ള ഇൻഡന്റിംഗ് അതാത് സ്കൂളുകളിൽ നിന്നും നേരിട്ട് www.kite.kerala.gov.in എന്ന വെബ് സൈറ്റിലെ Text Book Monitoring System 2024-25 എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് ചെയ്യാം. അതാത് സ്കൂളുകൾക്കുള്ള സമ്പൂർണ്ണയുടെ യൂസർ നെയിമും, പാസ് വേർഡും ഉപയോഗിച്ചാണ് ലോഗിൻ ചെയ്യേണ്ടത്. അതിനു ശേഷം സ്കൂൾ ഏത് സൊസൈറ്റിയുടെ കീഴിലാണ് വരുന്നതെന്ന് ക്ലിക്ക് ചെയ്ത് തെരഞ്ഞെടുക്കേണ്ടതാണ്. (സൊസൈറ്റി തെരഞ്ഞെടുക്കുന്നത് അതീവ ശ്രദ്ധയോടെ ചെയ്യേണ്ടതാണ് ഇൻഡന്റിന് ശേഷം സൊസൈറ്റി മാറ്റുന്നതിന് സാധ്യമല്ല. ഏതെങ്കിലും കാരണത്താൽ സൊസൈറ്റി മാറി ഇൻഡന്റ് രേഖപ്പെടുത്തിയാൽ പ്രസ്തുത സൊസൈറ്റിയിൽ പോയി പുസ്തകം ശേഖരിക്കുന്നതിന്

<u>പ്രഥമാദ്ധ്യാപകർ ബാദ്ധ്യസ്ഥരാണ്.)</u> തുടർന്ന് ഇൻഡന്റ് ഫോം ലിങ്കിൽ ക്ലിക്ക് ചെയ്ത് സ്റ്റാൻഡേർഡ് സെലക്ട് ചെയ്യുമ്പോൾ അതാത് സ്റ്റാൻഡേർഡിൽ വരുന്ന ടൈറ്റിലുകൾ ലഭ്യമാകും. **<u>ഇതിൽ No. of books required എന്ന കോളത്തിൽ ഓരോ ടൈറ്റിലിലും വേണ്ട ബുക്കുകളുടെ എണ്ണം മൂന്ന് വാല്യങ്ങളിലേതും എന്റർ ചെയ്ത് സേവ് ചെയ്യേണ്ടതാണ്.</u>**

<u>പല സ്കൂളുകളും രണ്ടും മൂന്നും വാല്യങ്ങൾ ഇൻഡന്റ് ചെയ്യാറില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ഒഴിവാക്കി മൂന്ന് വാല്യങ്ങളുടെയും ഇൻഡന്റ് നിർബന്ധമായും ഒറ്റത്തവണയായിത്തന്നെ രേഖപ്പെടുത്തേണ്ടതാണ്.</u> Total Students of Sampoorna എന്ന തലക്കെട്ടിൽ കാണുന്ന കുട്ടികളുടെ എണ്ണം സമ്പൂർണ്ണ പ്രകാരം 2024-25 അദ്ധ്യയന വർഷത്തേയ്ക്ക് വരാവുന്ന കുട്ടികളുടെ എണ്ണമായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. <u>എല്ലാ സ്കൂളുകളും അവരവരുടെ സൊസൈറ്റി മാപ്പ് ചെയ്തു എന്നത് ഉറപ്പുവരുത്തേണ്ടതാണ്. ഒരു കാരണവശാലും സൊസൈറ്റി മാറ്റി മാപ്പ് ചെയ്യുന്ന സാഹചര്യം ഉണ്ടാകരുത്. 9, 10 ക്ലാസുകളിലെ അതാത് വിഷയങ്ങളെടുക്കുന്ന അധ്യാപകരുടെ എണ്ണമനുസരിച്ച് ഓരോ അദ്ധ്യാപകർക്കും ഒരു ബുക്ക് വീതം അധികമായി ഇൻഡന്റ് ചെയ്യാവുന്നതാണ്. നടപ്പ് അദ്ധ്യയന വർഷമായ 2023-24 വർഷത്തിലെ ആറാം സാദ്ധ്യായ ദിവസത്തെ കുട്ടികളുടെ എണ്ണം അനുസരിച്ചാകണം ഇൻഡന്റ് രേഖപ്പെടുത്തേണ്ടത്.</u>

<u>പ്രൊഫൈൽ സെറ്റ് ചെയ്യുന്ന സമയം അംഗീകാരമുള്ള ഇംഗ്ലീഷ് മീഡിയം നിലവിലുള്ള സ്കൂളുകൾ മാത്രമേ അത്തരം പാഠപുസ്തകങ്ങൾ ഇൻഡന്റ് ചെയ്യാൻപാടുള്ളുവെന്ന വിവരം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നിയമാനുസൃതമായ പാരലൽ ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ നിലവിലില്ലാത്ത സ്കൂളുകൾ അത്തരം പാഠപുസ്തകങ്ങൾക്ക് ഇൻഡന്റ് രേഖപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടാൽ ടി പാഠപുസ്തകങ്ങളുടെ ബാധ്യത ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകർക്കായിരിക്കും. 2, 4, 6, 8 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ 2025-26 അദ്ധ്യയന വർഷം മാറ്റമുണ്ടാകാൻ സാധ്യതയുള്ളതിനാൽ അത്തരം ടൈറ്റിലുകളിൽ ഇൻഡന്റ് രേഖപ്പെടുത്തുമ്പോൾ തുടർന്നുള്ള വർഷം പാഠപുസ്തകം കാലഹരണപ്പെടാത്ത വിധം ക്രമപ്പെടുത്തി മാത്രമാകണം ഇൻഡന്റ് രേഖപ്പെടുത്തേണ്ടത്.</u>

<u>പല ജില്ലകളിലും പാഠപുസ്തകങ്ങൾ സ്കൂളുകളിൽ നിന്നും കുട്ടികൾ കൈപ്പറ്റിയിട്ടില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം ക്ലസ്റ്റർ സൊസൈറ്റികളിൽ ഉൾപ്പെട്ട സ്കൂളുകൾ ടി സ്റ്റോക്കിന്റെ എണ്ണം കൃത്യമായി കണക്കാക്കി മാത്രമേ 2024-25 അദ്ധ്യയന വർഷത്തെ ഇൻഡന്റ് രേഖപ്പെടുത്തുവാൻ പാടുള്ളൂ. ഇക്കാര്യം പ്രഥമാദ്ധ്യാപകൻ പ്രത്യേകം ശ്രദ്ധക്കേണ്ടതാണ്.</u> കൃത്യമായ കണക്ക് പ്രകാരമാണ് പ്രഥമാദ്ധ്യാപകർ ഇൻഡന്റ് രേഖപ്പെടുത്തേണ്ടതെന്ന കാര്യം പ്രത്യേകം അതാത് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരും ജില്ലാ വിദ്യാഭ്യാസ ആഫീസർമാരും കർശനനിർദ്ദേശം പ്രഥമാദ്ധ്യാപകർക്ക് നൽകേണ്ടതും, ആയത് പാലിക്കപ്പെടുന്നുണ്ടോയെന്ന് ശ്രദ്ധിക്കേണ്ടതുമാണ്. സ്റ്റോക്ക് പരിശോധിക്കാതെ ഇൻഡന്റ് നൽകുകയാണെങ്കിൽ പാഠപുസ്തകങ്ങളുടെ എണ്ണത്തിൽ കൃത്യത ഇല്ലാതെ വരികയും ടി പാഠപുസ്തകങ്ങൾ ഒബ്സലേറ്റ് ആകുകയും സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തിവയ്ക്കുവാനുള്ള സാഹചര്യമുണ്ടാകുകയും ചെയ്യും. ആയതിനാൽ **2023-24 അദ്ധ്യയന വർഷത്തിൽ ഇൻഡന്റ് ചെയ്ത കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി കൃത്യമായ പാഠപുസ്തകങ്ങൾ ആവശ്യത്തിനനുസരിച്ച് മാത്രം ഇൻഡന്റിംഗ് നടത്തേണ്ടതാണ്. സ്കൂൾ പ്രഥമാദ്ധ്യാപകർ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി മാത്രം പാഠപുസ്തകങ്ങളുടെ ഇൻഡന്റിംഗ് നടത്തിയിട്ടുണ്ടെന്നുള്ള കാര്യം പ്രത്യേകം ശ്രദ്ധിച്ച് കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്.** മാത്രവുമല്ല **<u>27/11/2023 ന് ശേഷം തിരുത്തലുകൾ വരുത്തുന്നതിനും എഡിറ്റിംഗിനും യാതൊരു കാരണവശാലും സമയം അനുവദിക്കുന്നതുമല്ല.</u>**

TBMS ( Text Book Monitoring System 2024-25) ൽ അപ് ലോഡ് ചെയ്ത ഇൻഡന്റ് കൺഫേം ചെയ്തതിന് ശേഷം പകർപ്പ് അതാത് പ്രഥമാദ്ധ്യാപകർ എടുത്ത് ഒപ്പുവച്ച് സൂക്ഷിക്കേണ്ടതാണ്. **<u>യഥാസമയത്ത് ഇൻഡന്റ് ചെയ്യാതിരിക്കുകയും കുട്ടികൾക്ക് പാഠപുസ്തകം ലഭ്യമാകാത്ത സാഹചര്യം സംജാതമായാൽ ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നു കൂടി അറിയിക്കുന്നു.</u>** ഇൻഡന്റ് കൺഫേം ചെയ്തതിന് ശേഷം അതിൽ ഏതെങ്കിലും വ്യത്യാസം വരുത്തണമെങ്കിൽ അതാത് ഉപജില്ലാ വിദ്യാഭ്യാസ ആഫീസ്/ജില്ലാ വിദ്യാഭ്യാസ അഫീസ് മുഖാന്തിരം സ്കൂളുകൾ റീസെറ്റ് ചെയ്ത് അതാത് സ്കൂളുകളിൽ അപ്ഡേറ്റ് ചെയ്ത് കൺഫേം ചെയ്യേണ്ടതാണ് (17-11-2023 മുതൽ 28-11-2023 വരെ മാത്രം) **28-11-2023 ന് ശേഷം ഒരു തരത്തിലുള്ള തിരുത്തലുകളും അനുവദിക്കുന്നതല്ല.**

ഇൻഡന്റ് ചെയ്യുമ്പോൾ അതാത് സ്റ്റാൻഡേർഡിലേയ്ക്ക് ആവശ്യമായ ടൈറ്റിലുകളുടെ എണ്ണം കൃത്യമായി (Medium wise – Malayalam/English) രേഖപ്പെടുത്തുകയും അങ്ങനെ ഇൻഡന്റ് പ്രകാരം ലഭിക്കുന്ന പാഠപുസ്തകങ്ങളുടെ എണ്ണത്തിന്റെ 2% (രണ്ട് ശതമാനം) കൂടെ കൂട്ടിയുള്ളതായിരിക്കണം ആ സ്കൂളുകളിലേയ്ക്കുള്ള മൊത്തം പാഠപുസ്തകങ്ങളുടെ എണ്ണം. ഉദാഹരണത്തിന് ഒരു സ്കൂളിൽ ഇൻഡന്റ് പ്രകാരം 1000 പാഠപുസ്തകങ്ങൾ ആവശ്യമെങ്കിൽ 2% ഉൾപ്പെടെ 1020 ൽ കൂടുവാൻ പാടുള്ളതല്ല. ) മൊത്തം എണ്ണം 2% ൽ അധികരിക്കുകയാണെങ്കിൽ ടി കൂടുതലാവശ്യമായ കാര്യങ്ങൾ നീതികരിച്ചു കൊണ്ടുള്ള അഭ്യർത്ഥന ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ ശുപാർശയോട് കൂടി പാഠപുസ്തക ആഫീസർക്ക് നൽകേണ്ടതാണ്. ആയതിന്റെ അർഹത പരിശോധിച്ച് **2024 ജൂൺ മാസം** അഡീഷണൽ ഇൻഡന്റിംഗിന് അനുവദിക്കുന്ന സമയത്ത് പരിഹരിക്കപ്പെടുന്നതാണ്. **ഇൻഡന്റിംഗ് പ്രകാരം പാഠപുസ്തകങ്ങൾ ലഭ്യമാക്കിയതിനു ശേഷം ഷോർട്ടേജ് വരുന്ന പാഠപുസ്തകങ്ങളുടെ എണ്ണം കൃത്യതയോടുകൂടിയും നിശ്ചിത സമയത്തിനുള്ളിലും അതാത് പ്രഥമാദ്ധ്യാപകൻ ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറെ അറിയിക്കേണ്ടതാണ്.** ആയത് ശേഖരിച്ച് ക്രോഡീകരിച്ച് നിശ്ചിത പ്രൊഫോർമയിൽ ടെക്സ്റ്റ്ബുക്ക് ആഫീസിൽ നിന്നും നിശ്ചയിച്ചു നൽകുന്ന തീയതിയ്ക്കകം അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഇ-മെയിൽ മുഖേന ഈ കാര്യാലയത്തിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്.

–

**<u>അംഗീകാരമുള്ള അൺഎയിഡഡ്/ സി.ബി.എസ്.ഇ/ നവോദയ സ്കൂളുകൾക്ക് ഇൻഡന്റിംഗ് നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ</u>**

അംഗീകാരമുള്ള അൺഎയിഡഡ് സ്കൂളുകളും സമ്പൂർണ്ണ യൂസർ നെയിമും പാസ്സ് വേർഡും ഉപയോഗിച്ച് മുകളിൽ പറഞ്ഞ രീതിയിൽ ആവശ്യമുള്ള പാഠപുസ്തകങ്ങളുടെ എണ്ണം രേഖപ്പെടുത്തി സേവ് ചെയ്ത് ഇൻഡന്റിംഗ് പൂർത്തിയാക്കേണ്ടതാണ്. ടി സ്കൂളുകൾ പാഠപുസ്തകങ്ങളുടെ വില ചെല്ലാൻ മുഖേന അടച്ച ശേഷം വിശദ വിവരങ്ങൾ Text Book Monitoring System 2024-25 (TBMS) - ൽ ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തേണ്ടതാണ്. ഈ സർക്കുലറിലെ മാർഗ്ഗരേഖകളനുസരിച്ച് ആവശ്യമായ പാഠപുസ്തകങ്ങൾക്ക് ഇൻഡന്റ് രേഖപ്പെടുത്തേണ്ടതാണ്. **<u>ഓൺലൈനായി ഇൻഡന്റ് രേഖപ്പെടുത്തി, ചെലാൻ ഒടുക്കിയിട്ടുള്ള സ്കൂളുകൾക്ക് മാത്രമേ റിലീസിംഗ് ഓർഡർ അനുവദിക്കുകയുള്ളൂ.</u>** ആയതിനാൽ പാഠപുസ്തകങ്ങൾ ആവശ്യമായ സ്കൂളുകൾ കൃത്യമായി ഇൻഡന്റ് നൽകാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. **<u>ഇൻഡന്റ് സമർപ്പിച്ച ശേഷം ചെലാൻ ഒടുക്കാതിരിക്കുകയോ പുസ്തകങ്ങൾ കൈപ്പറ്റാതിരിക്കുകയോ ചെയ്യുന്നത് സർക്കാരിന് വലിയ നഷ്ടം വരുത്തിവെക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുന്നതിനാൽ ഇൻഡന്റ് ചെയ്തവർ നിർബന്ധമായും തുക ഒടുക്കേണ്ടതും ഇപ്രകാരം തുക ഒടുക്കാത്ത സ്കൂളുകൾക്ക് തുടർന്നുള്ള വർഷങ്ങളിൽ പാഠപുസ്തക ഇൻഡന്റിംഗ് അനുവദിക്കുന്നതല്ല.</u>** <u>2023-24 അദ്ധ്യയന വർഷം</u>

**ഇൻഡന്റ് രേഖപ്പെടുത്തുകയും എന്നാൽ തുക ചെലാൻ ഒടുക്കി പാഠപുസ്തകം കൈപ്പറ്റാതിരിക്കുകയും ചെയ്തിട്ടുള്ള സ്കൂളുകൾ 20-11-2023 ന് മുമ്പായി പ്രസ്തുത തുക ചെലാൻ മുഖേന ഒടുക്കി പാഠപുസ്തക ആഫീസറുടെ നീതീകരണം വാങ്ങിയ ശേഷമാകണം 2024-25 അദ്ധ്യയന വർഷത്തെ ഇൻഡന്റ് രേഖപ്പെടുത്തേണ്ടത്.**

**2024-25 അദ്ധ്യയന വർഷം മുതൽ ഇൻഡന്റ് രേഖപ്പെടുത്തുന്ന അംഗീകൃത അൺഎയിഡഡ് സ്കൂളുകൾ പാഠപുസ്തക വില ഇ-ട്രഷറി സംവിധാനത്തിലൂടെ തന്നെ ഒടുക്കേണ്ടതും തുക ഒടുക്കിയ വിവരം ചെലാൻ നമ്പർ സഹിതം പാഠപുസ്തക മോണിറ്ററിംഗ് സിസ്റ്റത്തിൽ ഓൺലൈനായി രേഖപ്പെടുത്തേണ്ടതുമാണ്. ചെലാൻ, ഇൻഡന്റ് പകർപ്പ് എന്നിവയുടെ ഹാർഡ് കോപ്പി പാഠപുസ്തക ആഫീസിലേക്ക് അയക്കേണ്ടതില്ല.**

സി.ബി.എസ്.ഇ/ നവോദയ സ്കൂളുകളും/ലക്ഷദ്വീപ്, മാഹി എന്നിവിടങ്ങളിലെ സ്കൂളുകളും അവർക്ക് ആവശ്യമായ പാഠപുസ്തകങ്ങൾക്കായി സമ്പൂർണ്ണ യൂസർ നെയിമും പാസ്സ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് സ്കൂളിന്റെ പ്രാഥമിക വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. അതിനുശേഷം **www.kite.kerala.gov.in** എന്ന വെബ് സൈറ്റിലെ Text Book Monitoring System 2024-25 എന്ന ലിങ്ക് വഴി ലോഗിൻ ചെയ്ത് ആവശ്യമായ പാഠപുസ്തകങ്ങൾക്കായുള്ള ഇൻഡന്റ് **17-11-2023 മുതൽ 27-11-2023** വരെ രേഖപ്പെടുത്തേണ്ടതാണ്.

**നിലവിലെ സർക്കാർ ഉത്തരവുകളും ചട്ടങ്ങളും പ്രകാരം അംഗീകാരമില്ലാത്ത ഒരു സ്കൂളുകൾക്കും പാഠപുസ്തകം വിതരണം നടത്തുന്നതല്ല.**

–

## ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

ജില്ലാ വിദ്യാഭ്യാസ ആഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ എന്നിവർ അവർക്ക്നൽകിയിട്ടുള്ള സമ്പൂർണ്ണ യൂസർ നെയിമും പാസ്സ് വേഡും ഉപയോഗിച്ച് KITE (Kerala Infrastructure and Technology for Education) ന്റെ വെബ് സൈറ്റിൽ ( Services - Text Book Supply Monitoring System 2024-25 ) ലോഗിൻ ചെയ്ത് അവരുടെ **അധികാര പരിധിയിൽ വരുന്ന സ്കൂളുകളുടെ ഇൻഡന്റിംഗ് (ലാംഗ്വേജ് & സബ്ജക്ട്സ്) പൂർത്തിയാക്കിയിട്ടുണ്ടെന്ന് 28/11/2023 ന് മുമ്പ് ഉറപ്പാക്കേണ്ടതാണ്.** ഇൻഡന്റിംഗ് പൂർത്തിയാക്കിയ സ്കൂളുകളുടെ വിവരങ്ങൾ പരിശോധിക്കുമ്പോൾ ഇൻഡന്റ് ചെയ്ത പാഠപുസ്തകങ്ങളുടെ എണ്ണം മുൻ വർഷത്തെ വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമാണെന്നും അധികരിച്ചിട്ടില്ലായെന്നും ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ അതീവ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും **അവരവരുടെ അധികാര പരിധിയിലുള്ള എല്ലാ സ്കൂളുകളും ഇൻഡന്റ് ചെയ്തു എന്ന് ഉറപ്പുവരുത്തണമെന്നും പ്രത്യേകം ഓർമ്മപ്പെടുത്തുന്നു**.

## വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

**എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും തങ്ങളുടെ റവന്യൂ ജില്ലയിലെ എല്ലാ പ്രഥമാധ്യാപകരും യഥാസമയത്തു തന്നെ ഇൻഡന്റിംഗ് പൂർത്തീകരിച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്. നിർദ്ദേശങ്ങൾ നൽകിയിട്ടും യഥാസമയം ഇൻഡന്റ് നൽകാത്ത സ്കൂളുകളുടെ പേരുവിവരം 01/12/2023 ന് പാഠപുസ്തക ഓഫീസറെ ഇ-മെയിൽ മുഖാന്തിരം അറിയിക്കേണ്ടതാണ്**. 2023 നവംബർ 17 മുതൽ 27 വരെ ആകെ 11 ദിവസങ്ങളാണ് ഇൻഡന്റ് രേഖപ്പെടുത്തുവാൻ അനുവദിച്ചിട്ടുള്ളത്. 2024-25 അദ്ധ്യയന വർഷം ഒരു സ്കൂളുപോലും ഇൻഡന്റ് രേഖപ്പെടുത്താത്തതായി ഉണ്ടാകരുത്. ഇത്

ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർമാരുടെ ചുമതലയിൽപ്പെട്ട കാര്യമാണ്. ആയതിനാൽ സ്കൂളുകളുമായി നിരന്തര ഇടപെടലുകളുണ്ടാകേണ്ടതാണ്.

**<u>Indenting / Confirmation - സമയക്രമം</u>**

| | | |
|---|---|---|
| 1. | സ്കൂളുകൾ ഇൻഡന്റ് രേഖപ്പെടുത്തേണ്ട തിയതി | **17/11/2023 മുതൽ 27/11/2023 വരെ** |
| 2. | ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർമാർ വെരിഫിക്കേഷൻ/ റീ സെറ്റ് നടത്തേണ്ട തിയതി | **17/11/2023 മുതൽ 28/11/2023 വരെ** |
| 3. | കൈറ്റിൽ നിന്നും അന്തിമ റിപ്പോർട്ട് ലഭ്യമാക്കേണ്ട തിയതി | **5/12/2023** |

**<u>അനുവദനീയമായ സമയപരിധിക്കുള്ളിൽ ഓരോ സ്കൂളുകളിൽ നിന്നും 2024-25 അദ്ധ്യയന വർഷത്തേയ്ക്കാവശ്യമായ പാഠപുസ്തകങ്ങളുടെ ഇൻഡന്റിംഗ് പൂർത്തിയാക്കേണ്ടതാണ്. ഒരു കാരണവശാലും നിശ്ചിത തീയതിക്കു ശേഷം പാഠപുസ്തക ആവശ്യാർത്ഥം മറ്റൊരു ഇൻഡന്റിംഗ് സംവിധാനം സ്കൂളുകൾക്ക് പ്രത്യേകമായി ഏർപ്പെടുത്തുന്നതല്ല.</u>**

Signed by
Shanavas S Ias
Date: 13-11-2023 14:56:11

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താവ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
3. ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും (താങ്കളുടെ അധികാരാതിർത്തിയിലുള്ള എല്ലാ പ്രധമാധ്യാപകർക്കും (അംഗീകാരമുള്ള അൺഎയിഡഡ്/ സി.ബി.എസ്.ഇ/ നവോദയ സ്കൂളുകൾ അടക്കം ) സർക്കുലർ അയച്ചു കൊടുക്കേണ്ടതാണ്. അതോടൊപ്പം ഏതെങ്കിലും കാരണവശാൽ പ്രധാനാദ്ധ്യാപകൻ/ പ്രിൻസിപ്പൽ ഇൻഡന്റിംഗ് സമയത്ത് ലീവ് ആണെങ്കിൽ ചാർജ്ജുള്ള അദ്ധ്യാപകർ മുഖേന സമയബന്ധിതമായി ഇൻഡന്റിംഗ് നടത്തിയിട്ടുണ്ടെന്നുള്ള കാര്യം ഉറപ്പാക്കേണ്ടതാണെന്നുള്ള വിവരം അറിയിക്കുന്നു. ഈ സർക്കുലർ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്. )
4. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ് (വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രദർശിപ്പിക്കുന്നതിന്)
5. പാഠപുസ്തക ആഫീസർ

6. കരുതൽ ഫയൽ

## I, III, V, VII, IX ക്ലാസുകളിലെ പരിഷ്കരിക്കുന്ന പാഠപുസ്തകങ്ങളുടെ ടൈറ്റിലുകൾ

### STD - I

| ക്രമ. നം | ടൈറ്റിലുകൾ | ഭാഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | കേരളപാഠാവലി - മലയാളം | 2 |
| 2 | കേരളാ റീഡർ - തമിഴ് | 2 |
| 3 | കേരളാ റീഡർ - കന്നട | 2 |
| 4 | കേരളാ റീഡർ   അറബിക് | 1 |
| 5 | കേരളാ റീഡർ  ഇംഗ്ലീഷ് | 2 |
| 6 | ഗണിതം (മലയാളം മീഡിയം) | 2 |
| 7 | ഗണിതം  (ഇംഗ്ലീഷ് മീഡിയം) | 2 |
| 8 | ഗണിതം (തമിഴ് മീഡിയം) | 2 |
| 9 | ഗണിതം (കന്നട മീഡിയം) | 2 |
| 10 | കേരളാ റീഡർ  സംസ്കൃതം | 1 |
| | ആകെ | 18 |

### STD - III

| | | |
|---|---|---|
| 1 | കേരളപാഠാവലി - മലയാളം | 2 |
| 2 | കേരളാ റീഡർ - തമിഴ് | 2 |
| 3 | കേരളാ റീഡർ - കന്നട | 2 |
| 4 | കേരളാ റീഡർ  അറബിക് | 1 |
| 5 | കേരളാ റീഡർ  ഇംഗ്ലീഷ് | 2 |
| 6 | ഗണിതം (മലയാളം മീഡിയം) | 2 |
| 7 | ഗണിതം  (ഇംഗ്ലീഷ് മീഡിയം ) | 2 |
| 8 | ഗണിതം (തമിഴ് മീഡിയം) | 2 |
| 9 | ഗണിതം (കന്നട മീഡിയം) | 2 |
| 10 | പരിസര പഠനം (മലയാളം മീഡിയം) | 2 |
| 11 | പരിസരപഠനം (ഇംഗ്ലീഷ് മീഡിയം) | 2 |
| 12 | പരിസര പഠനം (തമിഴ് മീഡിയം) | 2 |
| 13 | പരിസര പഠനം (കന്നട മീഡിയം) | 2 |
| 14 | കേരളാ റീഡർ  സംസ്കൃതം | 1 |
| | ആകെ | 26 |

### STD - V

| | | |
|---|---|---|
| 1 | കേരളപാഠാവലി മലയാളം (AT) | 2 |
| 2 | അടിസ്ഥാനപാഠാവലി മലയാളം (BT) | 1 |
| 3 | കേരളാ റീഡർ - തമിഴ് (AT) | 2 |
| 4 | കേരളാ റീഡർ - തമിഴ് (BT) | 1 |
| 5 | കേരളാ റീഡർ - കന്നട (AT) | 2 |
| 6 | കേരളാ റീഡർ - കന്നട (BT) | 1 |
| 7 | കേരളാ റീഡർ - ഹിന്ദി | 2 |
| 8 | കേരളാ റീഡർ - ഉർദു | 2 |
| 9 | കേരളാ റീഡർ - സംസ്കൃതം (അക്കാദമിക്) | 1 |
| 10 | കേരളാ റീഡർ - സംസ്കൃതം (ഓറിയൻറൽ) | 1 |
| 11 | കേരളാ റീഡർ - അറബിക്  (അക്കാദമിക്) | 1 |
| 12 | കേരളാ റീഡർ - അറബിക് (ഓറിയൻറൽ) | 1 |

| | | |
|---|---|---|
| 13 | കേരളാ റീഡർ ഇംഗ്ലീഷ് | 2 |
| 14 | ഗണിതം (മലയാളം മീഡിയം) | 2 |
| 15 | ഗണിതം (ഇംഗ്ലീഷ് മീഡിയം ) | 2 |
| 16 | ഗണിതം (തമിഴ് മീഡിയം) | 2 |
| 17 | ഗണിതം (കന്നട മീഡിയം) | 2 |
| 18 | അടിസ്ഥാനശാസ്ത്രം (മലയാളം മീഡിയം) | 2 |
| 19 | അടിസ്ഥാനശാസ്ത്രം (ഇംഗ്ലീഷ് മീഡിയം) | 2 |
| 20 | അടിസ്ഥാനശാസ്ത്രം (തമിഴ് മീഡിയം) | 2 |
| 21 | അടിസ്ഥാനശാസ്ത്രം (കന്നട മീഡിയം) | 2 |
| 22 | സാമൂഹ്യശാസ്ത്രം (മലയാളം മീഡിയം) | 2 |
| 23 | സാമൂഹ്യശാസ്ത്രം (ഇംഗ്ലീഷ് മീഡിയം) | 2 |
| 24 | സാമൂഹ്യശാസ്ത്രം (തമിഴ് മീഡിയം) | 2 |
| 25 | സാമൂഹ്യശാസ്ത്രം (കന്നട മീഡിയം) | 2 |
| | ആകെ | 43 |

## STD - VII

| | | |
|---|---|---|
| 1 | കേരളപാഠാവലി മലയാളം (AT) | 2 |
| 2 | അടിസ്ഥാനപാഠാവലി മലയാളം (BT) | 1 |
| 3 | കേരളാ റീഡർ - തമിഴ് (AT) | 2 |
| 4 | കേരളാ റീഡർ - തമിഴ് (BT) | 1 |
| 5 | കേരളാ റീഡർ - കന്നട (AT) | 2 |
| 6 | കേരളാ റീഡർ - കന്നട (BT) | 1 |
| 7 | കേരളാ റീഡർ - ഹിന്ദി | 1 |
| 8 | കേരളാ റീഡർ - ഉർദു | 2 |
| 9 | കേരളാ റീഡർ - സംസ്കൃതം (അക്കാദമിക്) | 1 |
| 10 | കേരളാ റീഡർ - സംസ്കൃതം (ഓറിയൻറൽ) | 1 |
| 11 | കേരളാ റീഡർ - അറബിക് (അക്കാദമിക്) | 1 |
| 12 | കേരളാ റീഡർ - അറബിക് (ഓറിയൻറൽ) | 1 |
| 13 | കേരളാ റീഡർ ഇംഗ്ലീഷ് | 2 |
| 14 | ഗണിതം (മലയാളം മീഡിയം) | 2 |
| 15 | ഗണിതം (ഇംഗ്ലീഷ് മീഡിയം ) | 2 |
| 16 | ഗണിതം (തമിഴ് മീഡിയം) | 2 |
| 17 | ഗണിതം (കന്നട മീഡിയം) | 2 |
| 18 | അടിസ്ഥാനശാസ്ത്രം (മലയാളം മീഡിയം) | 2 |
| 19 | അടിസ്ഥാനശാസ്ത്രം (ഇംഗ്ലീഷ് മീഡിയം) | 2 |
| 20 | അടിസ്ഥാനശാസ്ത്രം (തമിഴ് മീഡിയം) | 2 |
| 21 | അടിസ്ഥാനശാസ്ത്രം (കന്നട മീഡിയം) | 2 |
| 22 | സാമൂഹ്യശാസ്ത്രം (മലയാളം മീഡിയം) | 2 |
| 23 | സാമൂഹ്യശാസ്ത്രം (ഇംഗ്ലീഷ് മീഡിയം) | 2 |
| 24 | സാമൂഹ്യശാസ്ത്രം (തമിഴ് മീഡിയം) | 2 |
| 25 | സാമൂഹ്യശാസ്ത്രം (കന്നട മീഡിയം) | 2 |
| | ആകെ | 42 |

## STD - IX

| | | |
|---|---|---|
| 1 | മലയാളം (കേരള പാഠാവലി) | 2 |
| 2 | മലയാളം (അടിസ്ഥാന പാഠാവലി) | 1 |
| 3 | തമിഴ് (കേരള പാഠാവലി) | 2 |
| 4 | തമിഴ് (അടിസ്ഥാന പാഠാവലി) | 1 |
| 5 | കന്നട (കേരള പാഠാവലി) | 2 |
| 6 | കന്നട (അടിസ്ഥാന പാഠാവലി) | 1 |
| 7 | കേരള റീഡർ ഇംഗ്ലീഷ് | 2 |
| 8 | കേരള റീഡർ ഹിന്ദി | 1 |
| 9 | കേരള റീഡർ അറബിക് (അക്കാദമിക്) | 1 |
| 10 | കേരള റീഡർ അറബിക് (ഓറിയൻറൽ) | 1 |
| 11 | കേരള റീഡർ ഉർദു | 2 |
| 12 | കേരള റീഡർ സംസ്കൃതം (അക്കാദമിക്) | 2 |
| 13 | കേരള റീഡർ സംസ്കൃതം (ഓറിയൻറൽ) | 1 |
| 14 | ഭൗതികശാസ്ത്രം (മലയാളം മീഡിയം) | 2 |
| 15 | ഭൗതികശാസ്ത്രം (ഇംഗ്ലീഷ് മീഡിയം) | 2 |
| 16 | ഭൗതികശാസ്ത്രം (തമിഴ് മീഡിയം) | 2 |
| 17 | ഭൗതികശാസ്ത്രം (കന്നട മീഡിയം) | 2 |
| 18 | രസതന്ത്രം (മലയാളം മീഡിയം) | 2 |
| 19 | രസതന്ത്രം (ഇംഗ്ലീഷ് മീഡിയം) | 2 |
| 20 | രസതന്ത്രം (തമിഴ് മീഡിയം) | 2 |
| 21 | രസതന്ത്രം (കന്നട മീഡിയം) | 2 |
| 22 | ജീവശാസ്ത്രം (മലയാളം മീഡിയം) | 2 |
| 23 | ജീവശാസ്ത്രം (ഇംഗ്ലീഷ് മീഡിയം) | 2 |
| 24 | ജീവശാസ്ത്രം (തമിഴ് മീഡിയം) | 2 |
| 25 | ജീവശാസ്ത്രം (കന്നട മീഡിയം) | 2 |
| 26 | സാമൂഹ്യശാസ്ത്രം 1 (മലയാളം മീഡിയം) | 2 |
| 27 | സാമൂഹ്യശാസ്ത്രം 1 (ഇംഗ്ലീഷ് മീഡിയം) | 2 |
| 28 | സാമൂഹ്യശാസ്ത്രം 1 (തമിഴ് മീഡിയം) | 2 |
| 29 | സാമൂഹ്യശാസ്ത്രം 1 (കന്നട മീഡിയം) | 2 |
| 30 | സാമൂഹ്യശാസ്ത്രം 2 (മലയാളം മീഡിയം) | 2 |
| 31 | സാമൂഹ്യശാസ്ത്രം 2 (ഇംഗ്ലീഷ് മീഡിയം) | 2 |
| 32 | സാമൂഹ്യശാസ്ത്രം 2 (തമിഴ് മീഡിയം) | 2 |
| 33 | സാമൂഹ്യശാസ്ത്രം 2 (കന്നട മീഡിയം) | 2 |
| 34 | ഗണിതം (മലയാളം മീഡിയം) | 2 |
| 35 | ഗണിതം (ഇംഗ്ലീഷ് മീഡിയം) | 2 |
| 36 | ഗണിതം (തമിഴ് മീഡിയം) | 2 |
| 37 | ഗണിതം (കന്നട മീഡിയം) | 2 |
| 38 | വിവരവിനിമയ സാങ്കേതികവിദ്യ (മലയാളം) | 2 |
| 39. | വിവരവിനിമയ സാങ്കേതികവിദ്യ (ഇംഗ്ലീഷ്) | 2 |
| 40. | വിവരവിനിമയ സാങ്കേതികവിദ്യ(തമിഴ്) | 2 |
| 41. | വിവരവിനിമയ സാങ്കേതികവിദ്യ (കന്നട) | 2 |
| | ആകെ | 75 |

## പ്രവർത്തന പുസ്തകം

### Class 1

| | | |
|---|---|---|
| 1 | പ്രവർത്തന പുസ്തകം - മലയാളം | 1 |
| 2 | പ്രവർത്തന പുസ്തകം - ഇംഗ്ലീഷ് | 1 |
| 3 | പ്രവർത്തന പുസ്തകം - തമിഴ് | 1 |
| 4 | പ്രവർത്തന പുസ്തകം - കന്നട | 1 |
| 5 | പ്രവർത്തന പുസ്തകം - അറബിക് | 1 |
| 6 | പ്രവർത്തന പുസ്തകം - സംസ്കൃതം | 1 |
| 7 | പ്രവർത്തന പുസ്തകം - ഗണിതം (മലയാളം മീഡിയം) | 1 |
| 8 | പ്രവർത്തന പുസ്തകം - ഗണിതം (ഇംഗ്ലീഷ് മീഡിയം) | 1 |
| 9 | പ്രവർത്തന പുസ്തകം - ഗണിതം (തമിഴ് മീഡിയം) | 1 |
| 10 | പ്രവർത്തന പുസ്തകം - ഗണിതം (കന്നട മീഡിയം) | 1 |
| 11 | കളിപ്പെട്ടി -വിവരവിനിമയ സാങ്കേതികവിദ്യ (മലയാളം) | 1 |
| 12 | കളിപ്പെട്ടി - വിവരവിനിമയ സാങ്കേതികവിദ്യ (ഇംഗ്ലീഷ്) | 1 |
| 13 | കളിപ്പെട്ടി - വിവരവിനിമയ സാങ്കേതികവിദ്യ (തമിഴ്) | 1 |
| 14 | കളിപ്പെട്ടി - വിവരവിനിമയ സാങ്കേതികവിദ്യ (കന്നട) | 1 |

### Class III

| | | |
|---|---|---|
| 15 | കളിപ്പെട്ടി -വിവരവിനിമയ സാങ്കേതികവിദ്യ (മലയാളം) | 1 |
| 16 | കളിപ്പെട്ടി - വിവരവിനിമയ സാങ്കേതികവിദ്യ (ഇംഗ്ലീഷ്) | 1 |
| 17 | കളിപ്പെട്ടി - വിവരവിനിമയ സാങ്കേതികവിദ്യ (തമിഴ്) | 1 |
| 18 | കളിപ്പെട്ടി - വിവരവിനിമയ സാങ്കേതികവിദ്യ (കന്നട) | 1 |

### Class V

| | | |
|---|---|---|
| 19 | ആരോഗ്യ കായിക വിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (മലയാളം) | 1 |
| 20 | ആരോഗ്യ കായിക വിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (ഇംഗ്ലീഷ്) | 1 |
| 21 | ആരോഗ്യ കായിക വിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (തമിഴ്) | -1 |
| 22 | ആരോഗ്യ കായിക വിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (കന്നട) | 1 |
| 23 | കലാവിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (മലയാളം) | 1 |
| 24 | കലാവിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (ഇംഗ്ലീഷ്) | 1 |
| 25 | കലാവിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (തമിഴ്) | 1 |
| 26 | കലാവിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (കന്നട) | 1 |
| 27 | തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (മലയാളം) | 1 |
| 28 | തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (ഇംഗ്ലീഷ്) | 1 |
| 29 | തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (തമിഴ്) | 1 |
| 30 | തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (കന്നട) | 1 |
| 31 | e @ വിദ്യ (വിവരവിനിമയ സാങ്കേതികവിദ്യ)- ആക്ടിവിറ്റി ബുക്ക് (മലയാളം) | 1 |
| 32 | e @ വിദ്യ (വിവരവിനിമയ സാങ്കേതികവിദ്യ)- ആക്ടിവിറ്റി ബുക്ക് (ഇംഗ്ലീഷ്) | 1 |
| 33 | e @ വിദ്യ (വിവരവിനിമയ സാങ്കേതികവിദ്യ)- ആക്ടിവിറ്റി ബുക്ക് (തമിഴ്) | 1 |
| 34 | e @ വിദ്യ (വിവരവിനിമയ സാങ്കേതികവിദ്യ)- ആക്ടിവിറ്റി ബുക്ക് (കന്നട) | 1 |

### Class VII

| | | |
|---|---|---|
| 35 | ആരോഗ്യ കായിക വിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (മലയാളം) | 1 |
| 36 | ആരോഗ്യ കായിക വിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (ഇംഗ്ലീഷ്) | 1 |
| 37 | ആരോഗ്യ കായിക വിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (തമിഴ്) | 1 |
| 38 | ആരോഗ്യ കായിക വിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (കന്നട) | 1 |
| 39 | കലാവിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (മലയാളം) | 1 |
| 40 | കലാവിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (ഇംഗ്ലീഷ്) | 1 |
| 41 | കലാവിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (തമിഴ്) | 1 |
| 42 | കലാവിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (കന്നട) | 1 |

| | | |
|---|---|---|
| **43** | തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (മലയാളം) | **1** |
| **44** | തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (ഇംഗ്ലീഷ്) | **1** |
| **45** | തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (തമിഴ്) | **1** |
| **46** | തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (കന്നട) | **1** |
| **47** | e @ വിദ്യ (വിവരവിനിമയ സാങ്കേതികവിദ്യ)- ആക്ടിവിറ്റി ബുക്ക് (മലയാളം) | **1** |
| **48** | e @ വിദ്യ (വിവരവിനിമയ സാങ്കേതികവിദ്യ)- ആക്ടിവിറ്റി ബുക്ക് (ഇംഗ്ലീഷ്) | **1** |
| **49** | e @ വിദ്യ (വിവരവിനിമയ സാങ്കേതികവിദ്യ)- ആക്ടിവിറ്റി ബുക്ക് (തമിഴ്) | **1** |
| **50** | e @ വിദ്യ (വിവരവിനിമയ സാങ്കേതികവിദ്യ)- ആക്ടിവിറ്റി ബുക്ക് (കന്നട) | **1** |

## Class IX

| | | |
|---|---|---|
| **51** | ആരോഗ്യ കായിക വിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (മലയാളം) | **1** |
| **52** | ആരോഗ്യ കായിക വിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (ഇംഗ്ലീഷ്) | **1** |
| **53** | ആരോഗ്യ കായിക വിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (തമിഴ്) | **1** |
| **54** | ആരോഗ്യ കായിക വിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (കന്നട) | **1** |
| **55** | കലാവിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (മലയാളം) | **1** |
| **56** | കലാവിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (ഇംഗ്ലീഷ്) | **1** |
| **57** | കലാവിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (തമിഴ്) | **1** |
| **58** | കലാവിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (കന്നട) | **1** |
| **59** | തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (മലയാളം) | **1** |
| **60** | തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (ഇംഗ്ലീഷ്) | **1** |
| **61** | തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (തമിഴ്) | **1** |
| **62** | തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം - ആക്ടിവിറ്റി ബുക്ക് (കന്നട) | **1** |
| | ആകെ | **62** |